UNIVERSITY OF CALICUT

(DOA)

No: 127241/DOA-ASST-8/2026/Admn Dated,Calicut University P.O 17.07.2026

**NOTIFICATION**

നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന്, അഞ്ച് സെമസ്റ്ററുകളിലേയ്ക്കുള്ള 2026-27 അധ്യയന വർഷത്തെ അന്തർ സർവകലാശാലാ മാറ്റത്തിനായുള്ള (Inter University Transfer) ഓൺലൈൻ അപേക്ഷ ക്ഷണിച്ച് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിക്കുന്നു. കേരളത്തിലേയും, മറ്റ് സംസ്ഥാനങ്ങളിലെയും സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ ) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ മുൻ സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും പാസായിരിക്കണം. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനോടൊപ്പം മേജർ സ്വിച്ചിങ്ങും അനുവദിക്കുന്നതാണ്. മേജർ സ്വിച്ചിങിനായി തെരഞ്ഞെടുക്കുന്ന മൈനർ പേപ്പറിന് കുറഞ്ഞത് നാല് ക്രെഡിറ്റും, എം. ഡി. സി. പേപ്പറിന് കുറഞ്ഞത് മൂന്ന് ക്രെഡിറ്റും വിദ്യാർത്ഥി നേടിയിരിക്കണം. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

സർവകലാശാലാ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓട്ടോണമസ് കോളേജുകൾ **ഒഴികെയുള്ള** മറ്റ് അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ് ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 17.07.2026 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 22.07.2026 - 5 P. M. |
| അപേക്ഷ ഫീസ് | SC/ST : Rs .220 /-<br>Others : Rs. 520 /- |

ഓപ്പൺ / ഡിസ്റ്റൻസ് മോഡിൽ മറ്റ് സർവകലാശാലകളിലെ ഹോണേഴ്സ് ബിരുദ പ്രോഗ്രാമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. കേരളത്തിന്

പുറത്തുള്ള സർവകലാശാലകളിൽ നിന്നുള്ള അപേക്ഷകൾ, ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിശോധനക്കും ഉത്തരവിനും വിധേയമായിരിക്കും.

ബിരുദ പ്രോഗ്രാമിന് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയില്ലയെന്ന് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയാൽ അപേക്ഷ നിരസിക്കുന്നതിനുള്ള അധികാരം സർവകലാശാലയ്ക്ക് ഉണ്ടായിരിക്കും. അപൂർണ്ണവും, തെറ്റായ വിവരങ്ങളോടെ സമർപ്പിക്കുന്ന അപേക്ഷകളും നിരസിക്കുന്നതാണ്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ / ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ / മേജർ സ്വിച്ചിങ് / ബിരുദ പ്രവേശനം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.

**സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന ഓട്ടോണമസ് കോളേജുകൾ**

**അഞ്ചാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD
5) AMAL COLLEGE OF ADVANCED STUDIES, SANTHIGRAMAM NILAMBUR , MALAPPURAM
6) GEMS ARTS AND SCIENCE COLLEGE, RAMAPURAM , , MALAPPURAM
7) NAIPUNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY, KORATTY , THRISSUR
8) POCKER SAHIB MEMORIAL ORPHANAGE (PSMO) COLLEGE, TIRURANGADI , MALAPPURAM
9)SAHRDAYA COLLEGE OF ADVANCED STUDIES, KODAKARA, , THRISSUR
10) LITTLE FLOWER COLLEGE, GURUVAYOOR , THRISSUR

**മൂന്നാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ (മേജർ സ്വിച്ചിങ് ഉൾപ്പടെ )**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD

Prof.(Dr.) Sebastian C. D.
Registrar